ഇറയം റിസർച്ച് ജേർണൽ

Volume V Issue 1

# ആണത്തത്തിന്റെ അങ്കലാപ്പുകൾ മലയാളസിനിമയിൽ.

ഡോ.സത്യൻ.എം

(കീലപദങ്ങൾ : പുരുഷാധികാരം, ആണത്താവിഷ്കാരം, അതിപുരുഷത്വം )

സംഗ്രഹം: എൺപതുകൾക്കുശേഷം മലയാളസിനിമയിൽ കാണപ്പെട്ട അതിപുരുഷ കഥാപാത്രങ്ങളുടെ ചിത്രീകരണത്തിൽ കാണുന്ന സവിശേഷതകളെ മുൻനിർത്തി ഈ സിനിമകൾ പങ്കുവെക്കുന്ന സ്ത്രീവിരുദ്ധമായ മൂല്യബോധവും അത് എങ്ങനെ നമ്മുടെ പൊതുബോധത്തെ സ്വാധീനിക്കുന്നു എന്നും വിലയിരുത്തുന്ന പ്രബന്ധം.

---

മലയാളസിനിമയിൽ എൺപതുകൾക്കുശേഷം സംഭവിച്ച പ്രധാന മാറ്റം സ്ത്രീകഥാപാത്രങ്ങൾ പാർശ്വവല്ക്കരിക്കപ്പെടുന്നതും അതിപുരുഷത്വകഥാപാത്രങ്ങളുടെ ധാരാളിത്തവുമാണ്. പല സിനിമകളിലും സ്ത്രീവിരുദ്ധമായ സംഭാഷണങ്ങളുടെ ആധിക്യം കാണാൻ കഴിയും. ഇതിനുള്ള കാരണമന്വേഷിക്കുമ്പോൾ ശ്രദ്ധയിൽപെടുന്ന ഒരുകാര്യം , സ്ത്രീകളുടെ വിദ്യാഭ്യാസവും തന്മൂലം അവർനേടിയിട്ടുള്ള ആത്മവിശ്വാസവും സ്ത്രീ സ്വാതന്ത്ര്യത്തിനായുള്ള പ്രക്ഷോഭങ്ങളും തങ്ങളുടെ ചരിത്രപരമായ കോയ്മ തകർക്കുമെന്ന ഭീതി പുരുഷസമൂഹത്തിലുണ്ടാക്കിയിരുന്നു എന്നതാണ്. തൊഴിലന്വേഷകരായ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ വർദ്ധിച്ചുവെന്നതും ഇതിന് ആക്കംകൂട്ടി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ കണക്കുകൾ

പരിശോധിച്ചാൽ ഇത് വ്യക്തമാവും. കേരളസർക്കാർ എംപ്ലോയ്മെന്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ കണക്കനുസരിച്ച് 1392070 പുരുഷന്മാരും 2379533 സ്ത്രീകളുമാണ് നിലവിൽ( 01-06-2021) അപേക്ഷകരായിട്ടുള്ളത്. ഈ കണക്കുകൾ സൂചിപ്പിക്കുന്നത് തൊഴിൽമേഖലകളിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ സജീവമായി മത്സരരംഗത്തെത്തി എന്നാണ്. ഇത്തരത്തിൽ സ്ത്രീകളുടെ മുന്നേറ്റം പുരുഷനിലുണ്ടാക്കിയ ഒരുതരം അരക്ഷിതബോധം ( insecurity feelings) ആണ് സ്ത്രീകളെ പ്രതിരോധിക്കാനും പാർശ്വവല്കരിക്കാനുമുള്ള ശ്രമത്തിനുപിന്നിൽ എന്നുകരുതാൻ ന്യായമുണ്ട്. പുരുഷന്റേതുമാത്രമായി കല്പിക്കപ്പെട്ട ഇടങ്ങളിലേക്കുള്ള സ്ത്രീകളുടെ രംഗപ്രവേശത്തെ ആശങ്കയോടെയാണ് പുരുഷസമൂഹം കാണുന്നത്. അതുകൊണ്ടുതന്നെ സ്ത്രീകളെ വീട്ടിനുള്ളിലേക്ക് പറഞ്ഞയക്കാനുള്ള തന്ത്രങ്ങൾ മെനയാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി കാണാം. 'ചെറുപ്പം മുതലേ സ്ത്രീകൾ പരിശീലിക്കപ്പെടുന്നത് പുരുഷന്റെ ലോകത്തിൽ എങ്ങനെ ജീവിക്കണമെന്നതു സംബന്ധിച്ചാണ്. പ്രാഥമികമായും പുരുഷനോട് വിധേയത്വപൂർണമായി ബന്ധപ്പെട്ടുകിടക്കുന്ന ഒരു മാനസികാവസ്ഥയിൽ സ്ത്രീകൾ തമ്മിൽ ഇടപെടുമ്പോൾ വളരുന്നത് പരസ്പരമാത്സര്യമാണ്. '[1] ഇതിൽ സിനിമ സുപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്. പുരുഷാധിപത്യസമൂഹം ആഗ്രഹിക്കുന്നതരത്തിലുള്ള സ്ത്രീകഥാപാത്രമാതൃക സൃഷ്ടിച്ച് അത്തരത്തിൽ ജീവിക്കാൻ സ്ത്രീകളെ പ്രേരിപ്പിക്കുകകൂടിയാണ് സിനിമ ചെയ്യുന്നത്.

സ്ത്രീകഥാപാത്രങ്ങളെ മുഖ്യധാരയിൽനിന്നും മാറ്റിയതോടൊപ്പം , അതി പുരുഷത്വ കഥാപാത്രങ്ങളെ സൃഷ്ടിച്ച് പുരുഷാധികാരം സ്ഥാപിക്കാനും സിനിമ പൊതുവെ ശ്രമിക്കുന്നതായി കാണാം.

**ആണത്താവിഷ്ക്കാരങ്ങൾ എൺപതുകൾക്കുശേഷം**

എൺപതുകൾക്കുശേഷം മലയാളസിനിമയിൽ കാണപ്പെട്ട അതിപുരുഷ കഥാപാത്രങ്ങളുടെ ചിത്രീകരണത്തിൽ ചില പൊതുസവിശേഷതകൾ കാണാൻകഴിയും. അത്തരം കഥാപാത്രങ്ങളെ ആദ്യമായി ചിത്രീകരിക്കുമ്പോൾ ക്ലോസ്അപ് ഷോട്ടിലോ മിഡിൽ ഷോട്ടിലോ മന്ദഗതിയിൽ (സ്ലോ മോഷൻ) ആയിട്ടാണ് കാണിക്കുന്നത്. ചിലപ്പോൾ കഥാപാത്രത്തിന്റെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗമായിരിക്കും കാണിക്കുക. കാറിൽനിന്ന് ഇറങ്ങുന്ന കാൽപാദം മാത്രമായി ലോ ആംഗിളിൽ ആദ്യം കാണിക്കുകയും തുടർന്ന് വലിയരൂപത്തിൽ ശരീരം കാണിക്കുകയും ചെയ്യുന്നരീതി സാധാരണമാണ്. 'കമ്മീഷണർ' (1994) എന്ന സിനിമയിൽ ഭരത്ചന്ദ്രനെ (സുരേഷ്ഗോപി) അവതരിപ്പിക്കുന്നത് ശ്രദ്ധിക്കുക. ഹോളിവുഡ് വെസ്റ്റേൺ ജനസ്സിൽപെട്ട സിനിമകളിൽ നായകകഥാപാത്രങ്ങളെ പരിചയപ്പെടുത്തുന്ന രീതിയിലാണ് [2] ഭരത്ചന്ദ്രനെ ആദ്യമായി രംഗത്തവതരിപ്പിക്കുന്നത്. പോലീസ് കമ്മീഷണറായ ഭരത്ചന്ദ്രൻ കള്ളക്കടത്തുകാരെ ഒറ്റക്ക് നേരിടാനെത്തുന്നതാണ് സന്ദർഭം. കള്ളക്കടത്തുസംഘം കടന്നുവരുന്ന റോഡിൽ ജീപ്പ് കുറുകെ നിർത്തി അതിന്റെ ബോണറ്റിൽ കയറിയിരിക്കുന്ന നിലയിലാണ് ആദ്യമായി കഥാപാത്രത്തെ കാണിക്കുന്നത്. പിണച്ചുവെച്ച രണ്ടുകാലുകകളുടെ ക്ലോസ്അപ് , കറുത്ത തൊപ്പി തലയിലണിഞ്ഞ് കുനിഞ്ഞിരിക്കുന്ന മുഖത്തിന്റെ ക്ലോസ്അപ് , കറുത്തഗ്ലൗസ് ധരിച്ച കൈപ്പടംകൊണ്ട് ബോണറ്റിനുമുകളിൽ താളം പിടിക്കുന്നതിന്റെ ക്ലോസ്അപ് ഇങ്ങനെ നിരവധി ഷോട്ടുകളും അതിനു അകമ്പടിയായി ആവേശകരമായ പശ്ചാത്തലശബ്ദംകൊണ്ടുണ്ടാക്കുന്ന 'ഇഫക്ടും' ചേർത്ത് അതിപുരുഷത്വത്തെ ആദ്യാവതരണത്തിൽത്തന്നെ സിനിമ ഉറപ്പിച്ചെടുക്കുന്നു. തലയിൽ തൊപ്പിയണിഞ്ഞും പോലീസ് യൂണിഫോമിനുമുകളിൽ കറുത്ത കോട്ടിട്ടും ജീപ്പിനു

മുകളിലിരിക്കുന്ന ഭരത്ചന്ദ്രൻ ഒരുവിരലുകൊണ്ട് തൊപ്പി മുകളിലേക്ക് തട്ടിത്തെറിപ്പിച്ചു കൊണ്ടാണ് സംഘട്ടനത്തിന് തയ്യാറായി താഴെയിറങ്ങുന്നത്. കള്ളക്കടത്തുസംഘത്തെ പരാജയപ്പെടുത്തി തന്റെ കോട്ട് വലിച്ചെറിഞ്ഞ് മന്ദഗതിയിൽ നടന്നുനീങ്ങുന്നതും ഈ കഥാപാത്രത്തിന്റെ അതിപുരുഷത്വം അടയാളപ്പെടുത്താനുള്ള ബോധപൂർവ്വമായ ചിത്രീകരണമാണ്.

**അമിതാണത്തസിനിമയിലെ സ്ത്രീയാവിഷ്ക്കാരം**

അതിപുരുഷത്വം ആവിഷ്കരിക്കുന്ന ഇത്തരം സിനിമകളിലെ സ്ത്രീ ചിത്രീകരണ ത്തിലെ സവിശേഷതകൾ ഇനി പരിശോധിക്കാം. 'കമ്മീഷണറി'ലെ പ്രധാന സ്ത്രീകഥാപാത്രമായ അഡ്വക്കറ്റ് ബിന്ദുവിനെ ആദ്യമായി സ്ക്രീനിൽ അവതരിപ്പിക്കുന്നത് പൂജാമുറിയിൽ പ്രാർത്ഥിച്ചുനില്ക്കുന്നതായിട്ടാണ്. അതിനു പശ്ചാത്തലമായി 'കൃഷ്ണാ നീ ബേഗേനെ ബാരോ' എന്ന കീർത്തനത്തിന്റെ ഓടക്കുഴൽ നാദമാണ് നല്കിയിട്ടുള്ളത്. ഇങ്ങനെ അവതരിപ്പിക്കുന്നതിലൂടെ 'കുലീന'യായ ഒരു സ്ത്രീയുടെ ചിത്രം പ്രേക്ഷക മനസ്സിൽ രൂപപ്പെടുത്തിയെടുക്കാൻ സിനിമ ശ്രമിക്കുന്നുണ്ട്. എന്നാൽ , സിനിമയിൽ ഈ കഥാപാത്രത്തിന് നീക്കിവെച്ചിട്ടുള്ള സമയവും സ്ഥലവും വളരെ പരിമിതമാണ്. പോലീസുകാരൻ ഗോപിയുടെ ഭാര്യ , കേന്ദ്രമന്ത്രിയുടെ ഭാര്യ അച്ചാമ്മ വർഗ്ഗീസ് , ജുഡീഷ്യൽ കമ്മീഷനിലെ ഉദ്യോഗസ്ഥ ശ്രീലതാവർമ്മ എന്നിവരാണ് സിനിമയിലെ മറ്റു സ്ത്രീകഥാപാത്രങ്ങൾ. ഇവർ മൂന്നുപേരും നെഗറ്റീവ് റോളുകളിലാണ് പ്രത്യക്ഷപ്പെടുന്നത്. അമിതാണത്ത കഥാപാത്രങ്ങൾക്ക് പ്രാധാന്യമുള്ള സിനിമകളിൽ ശക്തരായ സ്ത്രീകഥാപാത്രങ്ങൾ ഉണ്ടാവുന്നില്ല എന്നതും പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങളാവട്ടെ

പുരുഷന്റെ സഹായിയോ അടിമയോ ലൈംഗികോപകരണമോ ആയി മാത്രം ചിത്രീകരിക്കപ്പെടുന്നുവെന്നതും ശ്രദ്ധിക്കേണ്ടതാണ്.

**സ്ത്രീവിരുദ്ധമായ ഭാഷണവിജയങ്ങൾ അഥവാ പരാജയങ്ങൾ**

സ്ത്രീവിരുദ്ധമായ സംഭാഷണങ്ങൾക്ക് അമിതാണത്തസിനിമകൾ പ്രാധാന്യം നല്കുന്നുവെന്നതും പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. 'കമ്മീഷണറി'ൽ കേന്ദ്രമന്ത്രി വർഗ്ഗീസിനോട് അയാളുടെ ഭാര്യ അച്ചാമ്മയെക്കുറിച്ച് ഭരത്ചന്ദ്രൻ പറയുന്നത് ശ്രദ്ധിക്കുക: 'ഒരു അപേക്ഷയുണ്ട്. സൽക്കാരവും പാർട്ടിയും സ്വാപ്പിങ്ങും ഡിന്നറും ബഹളവുമൊക്കെ കഴിഞ്ഞ് എപ്പോഴെങ്കിലും സാറിന് മാത്രമായി ഇവരെ ഒറ്റക്കു കിട്ടുമെങ്കിൽ ഒന്നറിയിച്ച് കൊടുക്കണം, കഴിയുമെങ്കിൽ ഒന്നു മനസ്സിലാക്കിക്കൊടുക്കണം ആണെന്ന വാക്കിന്റെ അർത്ഥമെന്താണെന്ന്". ആണെന്ന വാക്കിന്റെ അർത്ഥം അറിയിച്ചുകൊടുക്കണമെന്ന പ്രയോഗത്തിൽ ലിംഗാധികാരധാർഷ്ട്യം പ്രകടമാണ്.

'നരസിംഹം' എന്ന സിനിമയിൽ ഇന്ദുചൂഡൻ (മോഹൻലാൽ) നായികയായ അനുരാധയോട് (ഐശ്വര്യ) പറയുന്ന സംഭാഷണം ശ്രദ്ധിക്കുക: 'വെള്ളമടിച്ച് കോൺ തിരിഞ്ഞ് പാതിരാക്ക് വീട്ടിൽ വന്നുകയറുമ്പം ചെരുപ്പൂരി കാലുമടക്കി ചുമ്മാ തൊഴിക്കാനും തുലാവർഷരാത്രികളിൽ ഒരു പുതപ്പിന്നടിയിൽ സ്നേഹിക്കാനും എന്റെ കുഞ്ഞുങ്ങളെ പെറ്റുപോറ്റാനും, ഒടുവിലൊരുനാൾ വടിയായി തെക്കേ പറമ്പിലെ പുളിയൻമാവിന്റെ വിറകിന്നടിയിൽ എരിഞ്ഞുതീരുമ്പോൾ നെഞ്ചുതല്ലി കരയാനും എനിക്കൊരു പെണ്ണിനെ വേണം'

പുരുഷനെ സംബന്ധിച്ചിടത്തോളം പെണ്ണെന്നാൽ തനിക്കു തൊഴിക്കാനും കുട്ടികളെപെറ്റുകൂട്ടാനുമുള്ള കേവലം ശരീരം മാത്രമാണെന്ന ചിന്തയാണ് ഈ വാക്കുകളിൽ വെളിപ്പെടുന്നത്. 'മേലിൽ ഒരാണിന്റേയും മുഖത്തിനു നേരെ ഉയരില്ല നിന്റെയീ കൈ. അതെനിക്കറിയാഞ്ഞിട്ടല്ല. പക്ഷേ നീയൊരു പെണ്ണായിപ്പോയി , വെറും പെണ്ണ്' എന്ന് ഷാജികൈലാസ് സംവിധാനം ചെയ്ത 'ദി കിംഗ്' എന്ന സിനിമയിൽ കലക്ടർ ജോസഫ് അലക്സ്(മമ്മൂട്ടി) കീഴുദ്യോഗസ്ഥയായ അസിസ്റ്റന്റ് കലക്ടർ അനുരാധ മുഖർജിയോടു (വാണി വിശ്വനാഥ്) പറയുന്നത് സ്ത്രീയെക്കുറിച്ച് സിനിമ വെച്ചുപുലർത്തുന്ന മനോഭാവത്തിന് തെളിവാണ്. ഇത്തരത്തിൽ മിക്ക സിനിമകളിലും സ്ത്രീവിരുദ്ധസംഭാഷണങ്ങൾ സമൃദ്ധമായി കാണാം. 'മനുഷ്യകുലംതന്നെ ഒരു ആൺ സങ്കല്പമാണ്. പുരുഷൻ സ്ത്രീയെ നിർവ്വചിക്കുന്നത് അവളുടെ നിലയിൽനിന്നല്ല , മറിച്ച് അവനുമായി ബന്ധപ്പെടുത്തിയാണ്. അവളുടെ സ്വതന്ത്രസ്വത്വം പരിഗണിക്കപ്പെടുന്നേയില്ല. '[3]എന്ന, സിമോൺ ഡി ബുവ്വയുടെ നിരീക്ഷണത്തിന് അടിവരചേർക്കുകയാണ് ഇത്തരം ആവിഷ്കാരസന്ദർഭങ്ങൾ ചെയ്യുന്നത്.

**അതിദീർഘസംഭാഷണവും അമിതാണത്തപ്രകടനവും**

അതിദീർഘസംഭാഷണങ്ങൾകൊണ്ട് പ്രേക്ഷകരെ ത്രസിപ്പിക്കുന്ന രീതി അമിതാണത്തസിനിമകളുടെ മറ്റൊരു സവിശേഷതയാണ്. ഉദാഹരണത്തിന് 'പ്രജ' എന്ന സിനിമയിൽ സക്കീർഹുസൈൻ (മോഹൻലാൽ) ആഭ്യന്തരമന്ത്രി ളാഹയിൽ വക്കച്ചനോട് (എൻ.എഫ്.വർഗ്ഗീസ്) പറയുന്ന സംഭാഷണം പരിശോധിക്കുക. ഏകദേശം അഞ്ചുമിനിറ്റ് ദൈർഘ്യമുള്ള ഈ സംഭാഷണം നടൻ ഒറ്റശ്വാസത്തിൽ പറഞ്ഞുതീർക്കുകയാണ്. [4] മമ്മൂട്ടി, സുരേഷ്ഗോപി തുടങ്ങിയ താരങ്ങൾ അവതരിപ്പിക്കുന്ന പലകഥാപാത്രങ്ങളും ഇത്തരം അതിഭാഷണങ്ങളിലൂടെ മലയാളികളുടെ പുരുഷസങ്കല്പങ്ങൾക്ക് നിറം പകർന്നിട്ടുണ്ട്. [5]ഈ

അതിപുരുഷകഥാപാത്രങ്ങൾ നേരിടുന്നത് മാഫിയാബന്ധമുള്ള ജീർണ്ണരാഷ്ട്രീയക്കാരേയും ഉദ്യോഗസ്ഥരേയുമാണ്. അതുമൂലം സമൂഹത്തിൽ പ്രത്യേകിച്ച് യുവാക്കളിൽ രാഷ്ട്രീയത്തെക്കുറിച്ചുതന്നെ അവജ്ഞയും അറപ്പും ഉളവാക്കാൻ ഇത് ഇടനൽകുന്നുണ്ട്. നിയമം കൈയിലെടുക്കുന്ന തരത്തിലുള്ള അരാജകചിന്ത വളർത്തിയെടുക്കുന്നതിലേക്കുവരെ ഇത് ചെന്നെത്തുന്നുണ്ട്.

**കുറിപ്പുകൾ**

1- രാമകൃഷ്ണൻഎ.കെ ,വേണുഗോപാലൻകെ.എം. , സ്ത്രീ വിമോചനം ചരിത്രം സിദ്ധാന്തം സമീപനം , പ്രസക്തി ബുക്ക് ഹൗസ് ,പത്തനംതിട്ട, 2016 പുറം 101.

2. Clint Eastwood(film-Pale Rider,Unforgiven, Good, Bad and Ugly), Charles Bronson(film- Once Up on a Time in the West, Red Sun) , John Wayne (film-Rio Lobo), Terence Hill(Film-Doc West)ഉടങ്ങിയ നടന്മാർ അവതരിപ്പിച്ച കഥാപാത്രങ്ങളെ ഓർക്കുക

3- Beauvoir,Simone de 1972 The Second sex, Harmonds worth: Penguinപുറം 16.

4- ജോഷി സംവിധാനം ചെയ്ത 'പ്രജ'(2001) എന്ന സിനിമയിൽ സക്കീർഹുസൈൻ (മോഹൻലാൽ) ആഭ്യന്തരമന്ത്രി ളാഹയിൽ വക്കച്ചനോട് (എൻ.എഫ്.വർഗ്ഗീസ്) പറയുന്ന സംഭാഷണം: 'എടാ പരമനാറി വക്കച്ചാ... എടാ അങ്ങ് പാലായിലും പിന്നെ നിന്റെ പൂഞ്ഞാറ്റിലും പിന്നെ നിന്റെ കാഞ്ഞിരപ്പള്ളിയിലുമൊക്കെ ഫങ്ങ് ഫങ്ങ് ഫങ്ങെന്ന

വെടിവെക്കാനറിയുന്ന ഒരുപാടു ആണങ്ങളെ കണ്ടിട്ടുണ്ട് സക്കീർ. നല്ല കള്ളരിക്കുന്ന മീശയും നല്ല പിണ്ടിക്കുരിശുമാലയും സാദാ ചാർമിനാറിട്ടു വാറ്റിയ നാടൻ ചാരായത്തിന്റെ ചൂരുമുള്ള നല്ല ആണങ്ങൾ , വെടിക്കാരച്ചായന്മാർ.. ആനയുടെ കൊമ്പുവേണോ , ജീവനോടെ പിടിച്ചു റോസ്റ്റ് ചെയ്ത കടുവയുടെ കിഡ്നി വേണോന്ന് ചോദിച്ചോണ്ട് സക്കീർഹുസൈനെ കാണാൻ വരും . വേണംന്ന് ഒന്നുമൂളിയാൽ മതി അപ്പോ കൊണ്ടുവരും കിഡ്നി. നല്ല അപ്പന് പിറന്ന വെടിക്കാര്. കാട്ടിൽക്കേറി വെടിവെച്ചിട്ടില്ല നീ. നീ വെടിവെച്ചതൊക്കെ നാട്ടില്. പ്പാ പന്നേ ( അടിക്കുന്നു) എടാ .. ഇവിടെ വന്നുകേറ്യപ്പം മുതല് ഓങ്ങിവെച്ചതാ ഞാനൊരെണ്ണം നിനക്കിട്ട് പൊട്ടിക്കാൻ. (ഗാന്ധിയുടെ ചിത്രം കാണിച്ച്) എടാ ഈ പടം കണ്ടോ നീയ്. ളാഹയിൽ വക്കച്ചാ.. ദാ എന്റെയീ കൈകണ്ടോ. കൊന്നും കൊടുത്തും ഹിംസിച്ചും രക്തക്കറപുരണ്ട് പട്ടുപോയ ഈ പടുപാപിയുടെ കൈകൾക്ക് ഈ മഹാസവിധത്തിലൊന്ന് വണങ്ങി വന്ദിക്കാൻ അർഹതയില്ല. അതറിയാം സക്കീറിന്.പക്ഷേ ഒന്നുകൂടി അറിയാം സക്കീർ ഹുസൈന്. നീ പറഞ്ഞില്ലെടാ തെണ്ടികളെന്ന് , കിടപ്പാടത്തിന് പട്ടയം കിട്ടാതെ എരന്ന് പടിനിരങ്ങി നിന്റയൊക്കെ പാർട്ടി മാമാങ്കത്തിനും ഗ്രൂപ്പുമാമാങ്കത്തിനും കൊടിപിടിച്ച് തൊണ്ട പൊട്ടിച്ച് മുദ്രാവാക്യം വിളിക്കുന്ന തെണ്ടികള്.. പ്രജകള്... കോടികോടി ദരിദ്രനാരായണന്മാര്... അവര് കരംകെട്ടുന്ന കണ്ണീരിന്റെ നനവുള്ള പിച്ചപ്പണംകൊണ്ട് സ്റ്റേറ്റ്കാറുകളിൽ മലർന്നും സ്റ്റേറ്റ്ഗസ്റ്റ്ഹൗസുകളിൽ വ്യഭിചരിച്ചും പിന്നെ സ്റ്റേറ്റ് ചെലവിൽ മക്കളെ ഉല്പാദിപ്പിച്ച് , സ്റ്റേറ്റ്ചെലവിൽ തീറ്റിക്കൊഴുപ്പിച്ച് പിന്നീടവർക്ക് പെറ്റിണീക്കാൻ സ്റ്റേറ്റ്ചെലവിൽ കരിമ്പൂച്ചക്കാവലും നല്കുന്ന ഈ നാടിനെ മുടിച്ച് മുച്ചൂടും മാന്തുന്ന നിന്റെയീ വർഗ്ഗമുണ്ടല്ലോ , ദി ബ്ലഡി പ്രിവിലേജ്ഡ് ഇന്ത്യൻ പൊളിറ്റീഷ്യൻസ്. എടാ ഈ മഹാനുണ്ടല്ലോ. പണ്ട് പരന്ത്രീസ്കാര് കണ്ട

മഹാസാമ്രാജ്യത്തെ കേവലസഹനംകൊണ്ടും ഉണ്ണാവ്രതംകൊണ്ടും കൊമ്പുകുത്തിച്ചിട്ട് ഒടുവിൽ സാക്ഷാൽ ഭാരതീയന്റെ ജാതിവെറിക്കുമുമ്പിൽ തോറ്റുതൊഴുതുവീണുപോയ ഈ മഹാ മനുഷ്യൻ മഹാത്മാ.. ഇന്ന് നിന്റെയൊക്കെ കണ്ടബറഹ പവർപൊളിറ്റിക്സിന്റെ ദൂഷിച്ച കാലത്തേക്ക് ഒരൊറ്റ ദിവസം ആയുസ്സ്നീട്ടിക്കിട്ടിയിരുന്നെങ്കിൽ പാവം നാഥൂറാമിന്റെ പഴഞ്ചൻതോക്കെടുത്ത് സ്വന്തം ശിരസ്സിലേക്ക് സ്വയം നിറയൊഴിച്ചിട്ട് ഹേ റാം ഹേ റാം വിലപിച്ച് വീണുപോയേനേ മഹാത്മാവ്. എങ്കിൽ ഈ മഹാത്യാഗിയുണ്ടല്ലോ ഒരുറുമ്പിനെപ്പോലും നോവിക്കാതെ ഒരു ജന്മം മുഴുവൻ അഹിംസാമന്ത്രങ്ങളുരുവിട്ട് പഠിച്ച ഈ മഹാമനുഷ്യസ്നേഹി , അതെല്ലാം മറന്ന് ഒരു ഏകെഫോർട്ടീസെവനെടുത്ത് എല്ലുന്തി കൂടുകുത്തിയ നെഞ്ചമർത്തിപ്പിടിച്ച് പിന്നെ നിന്റെയൊക്കെയീ വർഗ്ഗത്തിനിങ്ങനെ നെരത്തിനെരത്തിനിർത്തി നിന്റെയൊക്കെ ചങ്കിനിട്ട് ഹറാംഹറാംഹറാമെന്ന് എണ്ണിയെണ്ണി തുരുതുരുതുരാന്ന് കാഞ്ചിവലിച്ചേനേ ഈയഹിംസാവാദി. ഈ മഹായോഗിയിങ്ങനെ തപസ്സുപോലെ കുനിഞ്ഞ്കുനിക്കൂടിക്കുത്തിയിരുന്ന് നൂറ്റിനെയ്തെടുത്ത് സ്വന്തം രാഷ്ട്രത്തിന് , ഇവിടുത്തെ ആർഭാടങ്ങൾക്കവകാശമില്ലാത്ത പാവം പാവം പ്രജകൾക്ക് സമർപ്പിച്ച ഈ തിരുവസ്ത്രമുണ്ടല്ലോടാ , കുറച്ചുമുമ്പ് നീ നിന്റെ മൂന്നാമത്തെ മുഖം എന്നെകാണിക്കാൻ പൊന്തിച്ച്പിടിച്ച ഈ സാധനം , ഈ ഖദർ, ഇതിനൊരു ദേശീയപതാകയുടെ വിശുദ്ധിയുണ്ടായിരുന്നു. ഈ നാട്ടിലെ ജനങ്ങളുടെ മനസ്സില്. അവരുടെ ഞരമ്പില് , രക്തത്തില്, ഒരു രാഷ്ട്രത്തിന്റെ, ഒരു ജനതയുടെ മുഴുവൻ ആത്മാഭിമാനത്തിന്റെ ഊടും പാവുമാടാ വക്കച്ചാ ദാ ഇതിലൂടിങ്ങനെ തലങ്ങും വിലങ്ങുമോടുന്നത്. അത് പക്ഷേ കെടുത്തിക്കളഞ്ഞു നീയും നിന്റെ വർഗ്ഗവും. എടാ നിന്നെപ്പോലെ ജനങ്ങളുടെ അവകാശങ്ങളും അഭിമാന വുമെടുത്ത് വിത്തുകുത്തി കുലം കുളംതോണ്ടുന്ന നേതാക്കന്മാര് ,

ഇതിങ്ങനെയെടുത്ത് വരിഞ്ഞുകെട്ടി കൗപീനമുടുത്ത് നിന്ദിക്കാൻ പാടില്ല മേലിൽ.ഇതിന്റെ മാനം കെടുത്താൻ പാടില്ലെടാ.'  ഇത്തരം നീണ്ട സംഭാഷണങ്ങൾ മറ്റുപല സിനിമകളിലും കാണുന്നുണ്ട്. ആണത്തത്തിന്റെ പ്രകടനമായാണ് ഇത്തരം രംഗങ്ങൾ മലയാളി അനുഭവിക്കുന്നത്. എന്നാൽ ഹോളിവുഡ് സിനിമകളിലെ അതിപുരുഷകഥാപാത്രങ്ങൾ വളരെക്കുറച്ചുമാത്രം സംസാരിക്കുന്നവരായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്.

5- മമ്മൂട്ടിയുടെ പോലീസുദ്യോഗസ്ഥവേഷങ്ങളും(ഇൻസ്പെക്ടർ ബൽറാം , ആവനാഴി, ദി ട്രൂത്ത്) സി.ബി.ഐ ഉദ്യോഗസ്ഥവേഷങ്ങളും (സിബിഐ ഡയറിക്കുറിപ്പ് , നേരറിയാൻ സിബിഐ, അയ്യർ ദി ഗ്രേറ്റ്) , കലക്ടർ വേഷവും (ദി കിംഗ്) പട്ടാളക്കാരന്റെ വേഷവും (മേഘം) സുരേഷ്ഗോപിയുടെ പോലീസ് വേഷങ്ങളും (ഏകലവ്യൻ , കമ്മീഷണർ, ഭരത്ചന്ദ്രൻ ഐ.പി.എസ്) ഇത്തരം അതിഭാഷണങ്ങളാൽ ശ്രദ്ധേയമാണ്.

ആധാരഗ്രന്ഥങ്ങൾ

രാമകൃഷ്ണൻഎ.കെ ,വേണുഗോപാലൻകെ.എം. , 2016 സ്ത്രീ വിമോചനം ചരിത്രം  സിദ്ധാന്തം സമീപനം, പ്രസക്തി ബുക്ക് ഹൗസ് ,പത്തനംതിട്ട.

Beauvoir,Simone de 1972 The Second sex, Harmonds worth: Penguin